**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ വനഭൂമിയുടെ അളവ് വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ഭൂമി വനഭൂമിയാക്കി പരിവർത്തനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വനഭൂമിയാക്കി പരിവർത്തനം നടത്താനുദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കുമോ; വിശദീകരിക്കുമോ; | (എ) | ഇടുക്കി ജില്ലയിലെ ദേവികുളം, പീരുമേട്, തൊടുപുഴ താലൂക്കുകളിലായി റിസർവ്വ് വനഭൂമി സ്റ്റാറ്റസ് ഇല്ലാതിരുന്നതും, എന്നാൽ വനം വകുപ്പിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്നതുമായ 22047.9521 ഹെക്ടർ ഭൂമി, 1961-ലെ കേരള വനനിയമം, സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും, പ്രസ്തുത നിയമത്തിലെ സെക്ഷൻ 19 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമം പുരോഗമിച്ച് വരുകയും ചെയ്യുന്നു.<br><br>കൂടാതെ തൊടുപുഴ, ഇടുക്കി, ദേവികുളം താലൂക്കുകളിലായി സ്വകാര്യ വ്യക്തികളിൽ നിന്നും ആർ.കെ.ഡി.പി, നവകിരണം, സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി എന്നിവ പ്രകാരം വനഭൂമിയോട് ചേർന്നുള്ള 20.8749 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീരുമാനപ്രകാരം ഇടുക്കി ജില്ലയിലെ ഏതൊക്കെ താലൂക്കുകളിലാണ് വനഭൂമിയാക്കുന്നതിനായി വിജ്ഞാപനം ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ; | (ബി) | ഇടുക്കി ജില്ലയിലെ ദേവികുളം, പീരുമേട്, തൊടുപുഴ താലൂക്കുകളിലായി റിസർവ്വ് വനഭൂമി സ്റ്റാറ്റസ് ഇല്ലാതിരുന്നതും, എന്നാൽ വനം വകുപ്പിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്നതുമായ 22047.9521 ഹെക്ടർ ഭൂമി, 1961-ലെ കേരള വനനിയമം, സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും, പ്രസ്തുത നിയമത്തിലെ സെക്ഷൻ 19 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമം പുരോഗമിച്ച് വരുകയും ചെയ്യുന്നു.<br><br>കൂടാതെ തൊടുപുഴ, ഇടുക്കി, ദേവികുളം താലൂക്കുകളിലായി സ്വകാര്യ വ്യക്തികളിൽ നിന്നും ആർ.കെ.ഡി.പി, നവകിരണം, സ്വയം സന്നദ്ധ |

| | | | |
|---|---|---|---|
| | | | പുനരധിവാസ പദ്ധതി എന്നിവ പ്രകാരം വനഭൂമിയോട് ചേർന്നുള്ള 20.8749 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | 2010-ൽ കെ.ഡി.എച്ച്. വില്ലേജ് സംരക്ഷിത വനമാക്കുന്നതിന് കരട് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | നിലവിലെ കെ.ഡി.എച്ച് വില്ലേജിലെ 6909.5083 ഹെക്ടർ ഭൂമി റിസർവ്വ് വനമാക്കുന്നതിന് 1961-ലെ കേരള വനനിയമം സെക്ഷൻ 4 പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 08.10.2010-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.67/2010/വനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ